# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*578** — **08.07.2013-ൽ മറുപടിക്ക്**

## ജനിതകമാറ്റം വരുത്തിയ നെല്ലിനങ്ങൾ

**ചോദ്യം**

ശ്രീ.ജി.എസ്. ജയലാൽ
ശ്രീ.സി. ദിവാകരൻ
ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ.കെ. അജിത്

**മറുപടി**

**ശ്രീ.കെ.പി.മോഹനൻ**
(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് ജനിതകമാറ്റം വരുത്തിയ നെല്ലിനങ്ങൾ പരീക്ഷിക്കാൻ കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ടോ;

എ) കേരളത്തിലെ നെൽപ്പാടങ്ങളിൽ ജനിതകമാറ്റം വരുത്തിയ വിത്തിനങ്ങളുടെ പരീക്ഷണത്തിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിലുള്ള ജനിതക എൻജിനീയറിംഗ് അംഗീകാരസമിതി അനുമതി നൽകിയിട്ടുണ്ട്. ഡൽഹി ആസ്ഥാനമായുള്ള ബെയർ ബയോ സയൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്.

എന്നാൽ ജനിതകമാറ്റം വരുത്തിയ വിത്തുകളുടെ ഉപയോഗവും പരീക്ഷണവും കേരളത്തിന്റെ അതിർത്തിക്കുള്ളിൽ നിരോധിച്ചിരിക്കുകയാണ്.

ബി) ജനിതകമാറ്റം വരുത്തിയ എത്രയിനം നെല്ലിനങ്ങൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; അവ ഏതെല്ലാം;

ബി) ബാധകമല്ല.

സി) ഇത്തരം വിത്തിനങ്ങൾ പരീക്ഷിക്കുന്നത് സംബന്ധിച്ചുള്ള സർക്കാർ നിലപാട് എന്താണെന്ന് വിശദമാക്കുമോ?

സി) ജനിതകമാറ്റം വരുത്തിയ വിത്തിനങ്ങളുടെ ഉപയോഗവും പരീക്ഷണവും കേരളത്തിന്റെ അതിർത്തിക്കുള്ളിൽ അനുവദിക്കേണ്ടതില്ല എന്നതാണ് സർക്കാർ നയം. ജൈവവൈവിദ്ധ്യം കൊണ്ട് സമ്പന്നമായ കേരളം ഒരു ബയോഡൈവേഴ്സിറ്റി ഹോട്ട് സ്പോട്ട് ആയി കരുതപ്പെടുന്നു. ഈ ജൈവ വൈവിദ്ധ്യത്തിന് ഭംഗം വരാതെയിരിക്കുന്നതിന് നമ്മുടെ സംസ്ഥാനത്തെ ഒരു ജി.എം. വിമുക്ത മേഖലയായി സംരക്ഷിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

സെക്ഷൻ ഓഫീസർ